**SPORTS KERALA FOUNDATION**
A Government of Kerala Undertaking

നം. 72/24/റ്റി.വി.എം/എസ് കെ എഫ് 　　　　　　　　　　തീയതി:- 15.03.2024

## പുനർ ലേലം നോട്ടീസ്

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | - | **തിരുവനന്തപുരം ജില്ലയിലെ കായിക വകുപ്പിന് കീഴിലുള്ള കായികഭവൻ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള കോമ്പൗണ്ടിനുള്ളിലെ പാറക്കല്ലുകൾ ലേലം ചെയ്യുന്ന പ്രവൃത്തി** |
| പ്രവൃത്തിയുടെ വിശദവിവരം | - | തിരുവനന്തപുരം ജില്ലയിലെ കായിക വകുപ്പിന് കീഴിലുള്ള കായികഭവൻ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള കോമ്പൗണ്ടിനുള്ളിലെ പാറക്കല്ലുകൾ ലേലം ചെയ്യുന്ന പ്രവൃത്തി |
| ദർഘാസ് സ്വീകരിക്കുന്ന സ്ഥലം & അവസാന തീയ്യതി | - | സ്പോർട്സ് കേരള ഫൗണ്ടേഷൻ, ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം 22.03.2024 ഉച്ചയ്ക്ക് ശേഷം 12.00 മണി വരെ |
| ഇ.എം.ഡി. | - | 750/-<br>(മാനേജിംഗ് ഡയറക്ടർ & സി.ഇ.ഒ, സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേർക്ക്) ഡിമാന്റ് ഡ്രോഫ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്. (ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവരിൽ നിന്നും 22.03.2024 ന് ഉച്ചയ്ക്ക് 02.00 മണി വരെ ഇ.എം.ഡി. സ്വീകരിക്കുന്നതാണ്) |
| ലേലം ചെയ്യുന്ന സ്ഥലം & തീയ്യതി | - | കായിക ഭവൻ നിർമ്മാണ സ്ഥലം, റഷ്യൻ ഹൗസിന് സമീപം (തിരുവനന്തപുരം വാൻറോസ് ജംഗ്ഷൻ) 22.03.2024 ന് ഉച്ചയ്ക്ക് 02.30 മണിക്ക് |
| പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സമയം | | 7 ദിവസം |

Jimmy George Indoor Stadium, Vellayambalam - 695 033, Thiruvananthapuram, Office: 2302287
E-mail: sportskeralafoundation@gmail.com (O). geromic@gmail.com

തിരുവനന്തപുരം ജില്ലയിലെ കായിക വകുപ്പിന് കീഴിലുള്ള കായികഭവൻ നിർമ്മിക്കുന്നതിനു വേണ്ടി കോമ്പൗണ്ടിനുള്ളിലുള്ള പാറക്കല്ലുകൾ നീക്കം ചെയ്യുന്നതിനായി 22.03.2024 ന് ഉച്ചയ്ക്ക് 02.30 മണിക്ക് കായികഭവൻ കോമ്പൗണ്ടിനുള്ളിൽ വച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുകയാണെന്ന് അറിയിക്കുന്നു

പാറക്കല്ലുകൾ നീക്കം ചെയ്യുന്നതിനുള്ള ലേലം / ദർഘാസുകൾ മുദ്രവച്ച കവറിനെപ്പം 750/- രൂപ നിരതദ്രവ്യം തിരിച്ചറിയൽ കാർഡിന്റെ ഫോട്ടോ കോപ്പി എന്നിവ സഹിതം സമർപ്പിക്കേണ്ടതാണ്. ലേലം / ദർഘാസുകൾ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും ദർഘാസിലാണോ ലേലത്തിലാണോ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് എന്ന് ടി ഓഫീസ് പരിശോധിച്ച ശേഷം സ്ഥിരപ്പെടുത്തുന്നതാണ്.

ലേലം സ്ഥിരപ്പെട്ടുകിട്ടിയ ആൾ ലേലതുകയും 18% ജി.എസ്.റ്റി യും സഹിതം ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെട്ടുകിട്ടിയ ആൾ ഒഴികെയുള്ളവരുടെ നിരതദ്രവ്യം അന്നേ ദിവസം തന്നെ തിരികെ നൽകുന്നതും ആയിരിക്കും.

ലേലം /ദർഘാസ് സ്ഥിരപ്പെടുത്തി ടി ഓഫീസിൽ നിന്ന് അനുമതി നൽകി കഴിഞ്ഞാൽ അടുത്ത 7 ദിവസത്തിനകം

സ്വന്തം ചിലവിലും, ഉത്തരവാദിത്തത്തിലും ലേലം വസ്തുക്കൾ പൂർണമായി നീക്കം ചെയ്തു പരിസരം വൃത്തിയാക്കേണ്ടതാണ്. പാറക്കല്ലുകൾ നീക്കം നീക്കുന്നതിനായി അനുവദിച്ച കാലാവധി കഴിഞ്ഞ് അധികമായി കരാറുകാരൻ എടുക്കുന്ന ഓരോ ദിവസത്തിനും 200/- രൂപ വീതം ദിവസത്തിന് പിഴ ഇടാക്കുന്നതാണ്. എതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കില്ല.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റിവെക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിഷിപ്തമാണ്. ലേലവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾക്കായി ഓഫീസ് മേൽ വിലാസത്തിലോ താഴെ പറയുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

1. ശ്രീ. രമേഷ്.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ - 8281975421
2. ശ്രീ. അഞ്ചു.എ.സ്, പ്രോജക്ട് എഞ്ചിനീയർ - 8089718740

ലേലം/ദർഘാസുകൾ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണിവരെയുള്ള സമയങ്ങളിൽ മേൽപറഞ്ഞ പാറക്കല്ലുകൾ വന്ന് പരിശോധിച്ച ശേഷം മാത്രം ലേലം / ദർഘാസുകളിൽ പങ്കെടുക്കേണ്ടതാണ്. പരിശോധനയ്ക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖയും അതിന്റെ പകർപ്പും കൈവശംവെക്കേണ്ടതും ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്

1. തിരുവനന്തപുരം വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്
2. കായിക യുവജനകാര്യാലയം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്
3. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
4. വെബ് സൈറ്റ് www.dsya.gok.gov.in
5. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം